0052088

www.cdit.org

**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY**
An Autonomous Centre under Govt. of Kerala
**സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി**
കേരളസംസ്ഥാന സർക്കാരിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനം
Chitranjali Hills, Thiruvallom, Thiruvananthapuram 695 027, Kerala, India
ചിത്രാഞ്ജലി, തിരുവല്ലം, തിരുവനന്തപുരം, കേരളം, ഇൻഡ്യ
PHONE: 0471- 2380910, 2380912, 2382137. Director: 0471- 2380908. Registrar: 0471- 2383506. City Centre: 0471- 2570110, 2475539. Holography Studio: 0471- 2383211.
Technology Extension: 0471- 3076902-905. Communication Training: 0471- 2721917. Regional Centres: Kayamkulam(0479-2449440), Ernakulam(0484-2349466), Kannur(0497-2711910).
Gorky Bhavan: 0471-2330081. Fax: 0471-2330557-667. CATFOSS: 0484-3115743. e-mail: cdit@cdit.org

*പ്രസിദ്ധീകരണത്തിന്* 05.06.2012

## സി-ഡിറ്റ് ആസ്ഥാന മന്ദിരത്തിന് മുഖ്യമന്ത്രി ശിലയിട്ടു

ഗവൺമെന്റിന്റെ ഭരണനിർവ്വഹണ പ്രവർത്തനങ്ങൾക്ക് പിന്നിൽ സേവനദാതാക്കളായി നിൽക്കുന്ന സി-ഡിറ്റിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് പട്ടത്ത് പ്രൊവിഡന്റ് ഫണ്ട് ഓഫീസിനു സമീപം സി-ഡിറ്റിന്റെ പുതിയ ആസ്ഥാനമന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണത്തിൽ ലക്ഷ്യമിട്ടതിന്റെ ഇരട്ടിയിലധികം റേഷൻ കാർഡുകൾ കഴിഞ്ഞ വർഷം വിതരണം ചെയ്ത സി-ഡിറ്റിന്റെ പ്രവർത്തനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ശാസ്ത്ര സാങ്കേതിക രംഗത്തും വിവരസാങ്കേതികവിദ്യാ വിനിമയ രംഗത്തും വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സി-ഡിറ്റ് ഇപ്പോൾ ഗ്രീൻ ടെക്നോളജി (ഹരിത സാങ്കേതിക വിദ്യ), സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിലും ചുവടു വയ്ക്കുന്നത് ആശാവഹമാണെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസ് സംവിധാനം ഗ്രീൻ ടെക്നോളജി അടിസ്ഥാനപ്പെടുത്തി സൗരോർജ്ജ സഹായത്താൽ പ്രവർത്തിക്കുവാനുള്ള സാങ്കേതികസൗകര്യം സി-ഡിററ് ഒരുക്കിയതിനെയും മുഖ്യമന്ത്രി പ്രശംസിക്കുകയുണ്ടായി.

സർക്കാർ പദ്ധതികൾ സമയബന്ധിതമായും ഗുണനിലവാരമുറപ്പാക്കിയും പൂർത്തീകരിക്കുന്നതിൽ പ്രത്യേകം നിഷ്കർഷ വേണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക-ഗ്രാമവികസന-ആസൂത്രണ വകുപ്പ് മന്ത്രിയും സി-ഡിറ്റ് വൈസ് ചെയർമാനുമായ ശ്രീ. കെ.സി. ജോസഫ് അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പല പദ്ധതികളും ലക്ഷ്യമിട്ടതിന്റെ പത്തിരട്ടി ചെലവാക്കിയാലും നിശ്ചിത സമയത്ത് പൂർത്തീകരിക്കാനാകാതെ പോകുന്ന അവസ്ഥയിൽ മന്ത്രി ആശങ്ക പ്രകടിപ്പിച്ചു. യു.ഡി.എഫ് ഗവൺമെന്റിന്റെ ഒന്നാം വാർഷികാഘോഷവേളയിൽ തറക്കല്ലിടുന്ന സി-ഡിറ്റിന്റെ കെട്ടിടം ടെൻഡർ നടപടി പൂർത്തിയാക്കിയാൽ 8 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ കാലയളവിൽ തന്നെ നിർമ്മാണം പൂർത്തിയാക്കണമെന്നും അദ്ദേഹം നിർദ്ദേശം നൽകി.

സംസ്ഥാനത്തെ ജീവനക്കാരുടെ ക്ഷേമകാര്യങ്ങളിൽ അനുഭാവപൂർണ്ണമായ സമീപനമാണ് ഈ ഗവൺമെന്റിനുള്ളതെന്നും അതിനനുസരണമായ പ്രവർത്തനം ജീവനക്കാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നുമുണ്ടാകണമെന്നും മുഖ്യപ്രഭാഷണം നടത്തിയ ആരോഗ്യമന്ത്രി ശ്രീ. വി.എസ്. ശിവകുമാർ പറഞ്ഞു.

നഗരസഭാ കൗൺസിലർ ശ്രീ. മുരുകേശൻ ആശംസയർപ്പിച്ചു. നിർദ്ദിഷ്ട മന്ദിരത്തിന്റെ രൂപരേഖ ചടങ്ങിൽ അവതരിപ്പിച്ചു. ഗ്രീൻ ടെക്നോളജിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിൽ സൗരോർജ്ജം വഴി മുപ്പത് ശതമാനം വൈദ്യുതി ലഭിക്കും. എയർ കണ്ടീഷണറുടെ ഉപയോഗം പരമാവധി കുറയ്ക്കാനുമാകും.

സി-ഡിറ്റ് ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണൻ സ്വാഗതവും രജിസ്ട്രാർ പ്രൊഫ. എസ്.എ. ഷാജഹാൻ നന്ദിയും പറഞ്ഞു.

CENTRE FOR DEVELOPMENT OF IMAGING TECHNOLOGY ★ THIRUVANANTHAPURAM 27
C-DIT

**ഡോ. ബാബു ഗോപാലകൃഷ്ണൻ**
ഡയറക്ടർ